ദേശസാൽകൃത റൂട്ടുകളിൽ ബസ് ഓടിക്കുന്നതിനെതിരെയുള്ള കേസ്സ്

144 [601] ശ്രീ. എം. വി. ജയരാജൻ :
,, സാജുപോൾ :
,, ടി. പി. രാമകൃഷ്ണൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശസാൽകൃത റൂട്ടുകളിൽ ബസ്സുകൾ ഓടിക്കാനുള്ള കെ.എസ്.ആർ.ടി.സി.-യുടെ തീരുമാനത്തിനെതിരെ സ്വകാര്യ ബസ്സുടമകൾ നൽകിയ കേസിൽ ഹൈക്കോടതി വിധി എന്തായിരുന്നു ; വിശദമാക്കാമോ ;

(ബി) വിധിക്കെതിരെ സ്വകാര്യ ബസ്സ് ഉടമകൾ സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശസാൽകൃത റൂട്ടുകളിൽ ബസ്സ് ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമേ അവകാശം ഉള്ളുവെന്നും, സ്വകാര്യ ബസ്സുകൾക്ക് ദേശസാൽകൃത റൂട്ടിൽ സർവ്വീസ് നടത്തുന്നതിനുള്ള പെർമിറ്റ് നൽകുവാൻ ആർ.ടി.ഒ.-മാർക്ക് അധികാരം ഇല്ല എന്നും ആയിരുന്നു കോടതി വിധി.

(ബി) ഈ വിധിക്കെതിരെ സ്വകാര്യ ബസ്സ് ഉടമകൾ സുപ്രീം കോടതിയിൽ 21 പ്രത്യേകാനുമതി ഹർജികൾ സമർപ്പിച്ചിട്ടുണ്ട്.

സ്വകാര്യ വാഹനങ്ങൾക്ക് ദേശസാൽകൃത റൂട്ടിൽ പെർമിറ്റ്

145 [602] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശസാൽകൃത റൂട്ടിൽ സ്വകാര്യ വാഹനങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ദേശസാൽക്കരണ വിജ്ഞാപനം ഭേദഗതി ചെയ്ത് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് സ്വകാര്യ വാഹനങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ ഈ നടപടിമൂലം കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി—ഇ) ബാധകമല്ല.

തൃശ്ശൂർ ജില്ലയിൽ നിർത്തൽ ചെയ്ത ബസ് ഷെഡ്യൂളുകൾ

146 [603] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. തൃശ്ശൂർ ജില്ലയിൽ നിറുത്തൽ ചെയ്ത വിവിധ ബസ് ഷെഡ്യൂളുകളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) ഇപ്രകാരം ഷെഡ്യൂളുകൾ നിറുത്തലാക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ നിറുത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുമോ ;

(ഡി) എങ്കിൽ തൃശ്ശൂർ ജില്ലയിൽ നിറുത്തലാക്കിയ എല്ലാ ഷെഡ്യൂളുകളും പുനഃസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) തൃശ്ശൂർ ജില്ലയിൽ പുതുതായി ഏതെങ്കിലും ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഷെഡ്യൂളുകൾ നിറുത്തൽ ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒരു ഷെഡ്യൂളും സ്ഥിരമായി നിറുത്തൽ ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

147 [604] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എത്ര ഷെഡ്യൂളുകൾ നിർത്തലാക്കി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly